**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4163** **09-08-2021 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം എസ് അരുൺ കുമാർ** | | **Shri V Sivankutty**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ; | (എ) | അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത വിദ്യാർത്ഥികൾക്ക് വേണ്ടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ? | (ബി) | അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഒന്നു മുതൽ എട്ടു (1 മുതൽ 8) വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ (40% മോ അതിലധികമോ വൈകല്യമുള്ള (കാഴ്ചവൈകല്യം (VI), ശ്രവണവൈകല്യം (HI), ബുദ്ധിവൈകല്യം (MR, Autism), അസ്ഥി സംബന്ധമായ വൈകല്യം (OH, CP, LMD) എന്നീ വിഭാഗം)കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിലേയ്ക്ക് അടിസ്ഥാന വിദ്യാഭ്യാസം നേടുന്നതിനായി സർക്കാർ അവശ്യം വേണ്ട സാമ്പത്തിക സഹായം നൽകി വരുന്നു. ഇത് സർക്കാരിന്റെ ഒരു തുടർ പദ്ധതിയാണ്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഡയറക്ടറേറ്റ് വഴി നൽകി വരുന്ന ഈ സാമ്പത്തിക സഹായം സ്റ്റേറ്റ് പ്ലാൻ (2202-02-109-70 എന്ന ഹെഡ്ഡിൽ നിന്നും) ഫണ്ടിൽ നിന്നാണ് നൽകി വരുന്നത്. സാമ്പത്തിക സഹായമായി നൽകി വരുന്ന ഈ തുക കാലാനുസൃതമായി വർദ്ധിപ്പിച്ചു നൽകുന്നുണ്ട്.

ബുക്ക് ആൻറ് സ്റ്റേഷനറി അലവൻസ്, യൂണിഫോം അലവൻസ്, ട്രാൻസ്പോർട്ട് അലവൻസ്, എസ്കോർട്ട് അലവൻസ്, റീഡേഴ്സ് അലവൻസ് എന്നീ ഇനങ്ങളിലാണ് സാമ്പത്തിക സഹായം നൽകി വരുന്നത്. റീഡേഴ്സ് അലവൻസ് ഒഴികെ മറ്റുള്ള എല്ലാ ഇനങ്ങളും എല്ലാ വിഭാഗങ്ങളിലും ഉൾപ്പെടുന്ന കുട്ടികൾക്ക് അനുവദിച്ച് വരുന്നു. എന്നാൽ റീഡേഴ്സ് അലവൻസ് കാഴ്ച വൈകല്യമുള്ള കുട്ടികൾക്കു മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു.
ഇതിനു പുറമേ 21 തരം വൈകല്യങ്ങൾ അനുഭവിക്കുന്നവർക്ക് ഗവൺമെൻറിന്റെ വിവിധ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തുന്ന എല്ലാ പൊതു പരീക്ഷകൾക്കും അർഹമായ പരീക്ഷാനുകൂല്യങ്ങളും നൽകി വരുന്നുണ്ട്. 40% മോ അതിലധികമോ വൈകല്യങ്ങൾ ഉള്ളവർക്കാണ് ഇത്തരത്തിലുള്ള സഹായങ്ങൾ നൽകുന്നത്.

പൊതുവിദ്യാലയങ്ങളിൽ നിയമിക്കപ്പെട്ട കായിക അദ്ധ്യാപകർ, സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സ്, എന്നിവരുടെ പിന്തുണയോടെ സ്കൂൾ തലത്തിലും ബി.ആർ.സി. തലത്തിലും ഭിന്നശേഷി കുട്ടികൾക്കായി കായിക പരിശീലനം നടത്തി വരുന്നു.

മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്നതിനായി സ്പെഷ്യൽ പാക്കേജും നടപ്പിലാക്കി വരുന്നു. കാഴ്ചവൈകല്യം, ശ്രവണ വൈകല്യം എന്നീ വിഭാഗങ്ങളിലുള്ളവർക്കായി സ്പെഷ്യൽ സ്കൂളുകളും പ്രവർത്തിച്ചു വരുന്നു.

സ്പെഷ്യൽ സ്കൂൾ കലോത്സവത്തിൽ 'എ' ഗ്രേഡ് നേടുന്ന എല്ലാ മത്സരാർത്ഥികൾക്കും കേരള സ്കൂൾ കലോത്സവ മാതൃകയിൽ ഒറ്റത്തവണ സ്കോളർഷിപ്പ് 1000/- രൂപ നൽകുന്നുണ്ട്.

ബുദ്ധി പരിമിതിയുള്ള 400-ൽ അധികം വരുന്ന ബഡ്സ്/ സ്പെഷ്യൽ സ്കൂൾ വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ സംസ്ഥാനതല കോർ ഗ്രൂപ്പ് രൂപീകരിക്കുകയും മുഴുവൻ വിദ്യാലയങ്ങളിൽ നിന്നും നൈപുണി മേഖലകളിൽ അദ്ധ്യാപകരുടേയും തെറാപ്പിസ്റ്റുകളുടെയും സംസ്ഥാന തല റിസോഴ്സ് ഗ്രൂപ്പ് രൂപീകരിക്കുകയും എസ്.സി.ഇ.ആർ.ടി. യുടെ യൂ-ട്യൂബ് ചാനലിലൂടെ നൈപുണി മേഖല അടിസ്ഥാനമാക്കിയും തീം അനുസരിച്ചും വീഡിയോ ക്ലാസ്സുകൾ, പ്രീ-പ്രൈമറി, പ്രൈമറി, സെക്കൻററി, പ്രീ-വൊക്കേഷണൽ വിഭാഗങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്തു വരുന്നു.

ഇവയ്ക്കു പുറമേ സമഗ്ര ശിക്ഷാ കേരളയിൽ നിന്നും ഭിന്നശേഷിക്കാരായ കുട്ടികൾക്കു വേണ്ടി താഴെപ്പറയുന്ന സഹായ പദ്ധതികളും നടപ്പാക്കി വരുന്നു.

1. ഈ കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി റിസോഴ്സ് അദ്ധ്യാപകരുടെ സേവനം വിവിധ സ്കൂളുകളിലായി നൽകി വരുന്നു.

2. കോവിഡിന്റെ പശ്ചാത്തലത്തിലാണ് ഫസ്റ്റ് ബെൽ ഓൺലൈൻ ക്ലാസ്സുകൾ ആരംഭിച്ചിരിക്കുന്നത്. കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെ പ്രക്ഷേപണം ചെയ്ത ക്ലാസ്സുകൾ എല്ലാ കുട്ടികളേയും ലക്ഷ്യം വച്ചായിരുന്നു. എന്നാൽ ഈ ക്ലാസ്സുകൾ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ഫലപ്രദമായിരുന്നില്ല. അവർക്കു വേണ്ടി ഫസ്റ്റ് ബെല്ലിന്റെ ചുവടു പിടിച്ച് 'വൈറ്റ് ബോർഡ്' എന്ന പേരിൽ ക്ലാസ്സുകൾ ആരംഭിച്ചു. വിവിധ കാറ്റഗറിയിൽപ്പെട്ട ഭിന്നശേഷിക്കാരായ മുഴുവൻ കുട്ടികൾക്കും വേണ്ടിയാണ് വൈറ്റ് ബോർഡ് ക്ലാസ്സുകൾ ആരംഭിച്ചത്.

3. ഒന്നു മുതൽ പത്തുവരെയുള്ള ക്ലാസ്സുകളിലെ കാഴ്ച പരിമിതിയുള്ള കുട്ടികൾക്കു വേണ്ടി ശബ്ദ പാഠങ്ങൾ - ടോക്കിംഗ് ടെക്സ്റ്റ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നു വരുന്നു. ബുദ്ധി പരിമിതിയുള്ള കുട്ടികൾക്കായി 'തേൻകൂട്' എന്ന പഠന പിന്തുണാസംവിധാനം നടപ്പാക്കി വരുന്നു. ഈ സംവിധാനം കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചയ്ക്ക് അനുസരിച്ചുള്ള പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് കൊടുക്കുന്നതിനും അവരുടെ പ്രതികരണങ്ങൾ അറിയുന്നതിനും പ്രയോജനപ്പെടുന്നു. കേരളത്തിലെ ശ്രവണ പരിമിതിയുള്ള കുട്ടികൾക്കായി ആംഗ്യഭാഷയുമായി ബന്ധപ്പെടുത്തി മുദ്രികാപാഠം എന്ന ഓൺലൈൻ അദ്ധ്യാപക ശാക്തീകരണ പദ്ധതിയും നടപ്പാക്കി വരുന്നു.

4. 2021 ജൂൺ മാസത്തോടുകൂടി ഭിന്നശേഷി കുട്ടികൾക്ക് മെഡിക്കൽ ക്യാമ്പ് നടത്തി, മതിയായ സഹായ ഉപകരണങ്ങൾ വിതരണം ചെയ്യുന്നു. 168 ബി.ആർ.സി.കളിലെ വിവിധ കാറ്റഗറി കുട്ടികൾക്കായി മെഡിക്കൽ ക്യാമ്പ് നടത്തി ആവശ്യമായ ഉപകരണം വിതരണം ചെയ്യുന്നു.

5. 168 ബി. ആർ. സി. കളിലും ഓട്ടിസം സെൻറർ ആരംഭിച്ചിട്ടുണ്ട്. ഈ ഓട്ടിസം സെൻററുകളിൽ ഓട്ടിസം കുട്ടികൾക്കായുള്ള തെറാപ്പി സർവ്വീസും ഒപ്പം പഠന പിന്തുണാ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

6. ഭിന്നശേഷിക്കാരായ എല്ലാ പെൺകുട്ടികൾക്കും സ്റ്റൈപൻഡ് നൽകി വരുന്നു.

7. ബ്ലൈൻഡ് ആയ കുട്ടികൾക്ക് ബ്രെയിലി സ്റ്റേഷനറി നൽകുന്നു.

8. ലോക്കോമോട്ടോർ ഡിസ്എബിലിറ്റി വിഭാഗത്തിലുള്ള കുട്ടികൾക്കായി സി.പി.ചെയർ, വീൽ ചെയർ, ആങ്കിൾ ഫൂട്ട് ഓർത്തോസിസ്, മാട്രസ്സ്, കൊമ്മോഡ് ചെയർ, കോസ്മെറ്റിക് ഗ്ലൗവ്, വാട്ടർ ബെഡ്, എക്സർസൈസ് ബാൾ, ട്രൈസൈക്കിൾ, പാരലൽ ബാർ, ഫിസിയോ ബെഡ്, സി.റ്റി.ഇ.വി. ഷൂ, കറക്റ്റിങ്ങ് ഫുട്ട് വെയർ തുടങ്ങി 86 ഇനം സഹായ ഉപകരണങ്ങൾ നൽകി വരുന്നു.

ഓട്ടിസം സ്പെക്ട്രം ഡിസ്ഓർഡർ ഉള്ള കുട്ടികളുടെ പുനഃരധിവാസത്തിനായി സമഗ്ര ശിക്ഷാ കേരള മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. 168 ബി.ആർ.സി. കളിലായി ഓട്ടിസം സെൻററുകൾ ആരംഭിച്ചു.

2. ഈ ഓട്ടിസം സെൻററുകളിലെ ഓട്ടിസം സ്പെക്ട്രം ഡിസ്ഓർഡർ വിഭാഗത്തിലുള്ള കുട്ടികൾക്ക് അധിക പിന്തുണ നൽകുന്നതിനായി സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടേയും ആയമാരുടേയും സേവനം ലഭ്യമാക്കിയിട്ടുണ്ട്.

3. ഈ കുട്ടികൾക്ക് സെൻസറി ഇൻറഗ്രേഷൻ പോലെയുള്ള വിവിധ തെറാപ്പികൾ നൽകി വരുന്നു.

4. കോവിഡ് 19 കാലത്ത് ഇവർക്ക് പഠന പ്രവർത്തനങ്ങൾക്കായി പ്രത്യേകം വീഡിയോ തയ്യാറാക്കി നൽകിയിട്ടുണ്ട്.

5. വീടുകളിൽ തെറാപ്പി സൗകര്യം ഒരുക്കുന്നതിന് രക്ഷിതാക്കളെ ശാക്തീകരിക്കുന്നതിനായി പ്രത്യേക വീഡിയോകൾ നിർമിച്ച് നൽകിയിട്ടുണ്ട്.

കോവിഡ് 19 ൻറെ പശ്ചാത്തലത്തിൽ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ വരാത്ത സ്പെഷ്യൽ വിദ്യാലയങ്ങളിലെ എട്ടാം ക്ലാസ്സ് വരെയുള്ള കാഴ്ച, കേൾവി പരിമിതികളുള്ള ഭിന്നശേഷി കുട്ടികൾക്കും ശാരീരിക അവശതകൾ / പ്രയാസങ്ങൾ മൂലം തങ്ങളുടെ വീടുകളിൽ തന്നെ തുടർന്നു കൊണ്ട് റിസോഴ്സ് അദ്ധ്യാപകരുടെ സഹായത്തോടെ വിദ്യാഭ്യാസം നേടുന്ന

ഒന്നു മുതൽ എട്ടാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കും സ്കൂളുകൾ തുറന്നു പ്രവർത്തിക്കുന്നതുവരെ ' ഭക്ഷ്യ ഭദ്രതാ അലവൻസ് ' ഭക്ഷ്യകിറ്റുകളായി നൽകുവാനും തീരുമാനമായിട്ടുണ്ട്.

സവിശേഷ സഹായം ആവശ്യമായ വിദ്യാർത്ഥികൾ പഠിക്കുന്ന വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്കുള്ള ഓൺലൈൻ ശാക്തീകരണ പരിപാടിയായ 'ഗണനിപ്രഭ' എന്ന പദ്ധതി രക്ഷാകർത്താക്കളുടെ സഹായത്താൽ സവിശേഷ കഴിവുകളുള്ള മുഴുവൻ കുട്ടികളെയും പഠന സന്നദ്ധരാക്കുക എന്ന ലക്ഷ്യത്തോടെയാണ് നടപ്പാക്കുന്നത്.

സവിശേഷ വിദ്യാലയങ്ങളിലെ കാഴ്ച പരിമിതരായ കുട്ടികൾക്ക് ഫസ്റ്റ്ബെൽ ക്ലാസ്സുകളിൽ നേരിടുന്ന പ്രയാസമേറിയ പാഠഭാഗങ്ങൾ അനുരൂപീകരണം നടത്തി യൂ-ട്യൂബ് ചാനലിലൂടെ ലഭ്യമാക്കുന്ന പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**